**ഭരണ ഭാഷ - മാതൃഭാഷ**

**രജിസ്റ്റേർഡ് തപാൽ / ഇ - മെയിൽ / ഫാക്സ്**

# മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം കേരളം, തിരുവനന്തപുരം

ശ്രീ.മുറാദ്.ഡി, ശ്രീ.ജോർജ്.എം. എസ് എന്നിവരുടെ ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ, സ്റ്റോർ സൂപ്രണ്ട് തസ്തികകളുടെ സ്ഥാനക്കയറ്റ തീയതി പുനർനിർണയിച്ചും ശ്രീ.ജോർജ്.എം.എസ് നെ സ്റ്റോർ സൂപ്രണ്ട് തസ്തികയിൽ നിന്നും ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികയിലേയ്ക്ക് തരം താഴ്ത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

പരാമർശം:1.ഈ കാര്യാലയത്തിലെ 19.03.2013 ലെ ജെ 5-22674/10/മെ.വി.കാ. നം. ഉത്തരവ്.
2. ഈ കാര്യാലയത്തിലെ 13.12.2013 ലെ ജെ 5-22674/10/മെ.വി.കാ. നം. ഉത്തരവ്.
3. ഈ കാര്യാലയത്തിലെ 17.03.2016 ലെ എച്ച് 5-31048/15/മെ.വി.കാ. നം. ഉത്തരവ്.
4. ഒ.എ)(ഇ.കെ.എം)(500/ 2015) നം. ഹർജിയിൽ ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ തിരുവനന്തപുരത്തിൻറെ 06/ 07/2015 ലെ ഉത്തരവ്.
5. ഈ കാര്യാലയത്തിൻറെ12.10.2015 ലെ എച്ച്5-19592/15/മെ.വി.കാ. നം. ഉത്തരവ്.
6. ഈ കാര്യാലയത്തിൻറെ 17.02.2016 ലെ എച്ച്5-31048/15/മെ.വി.കാ. നം. ഉത്തരവ്.
7. ഈ കാര്യാലയത്തിൻറെ 16.07.2016 ലെ എച്ച്5-23611/15/ മെ.വി.കാ. നം ഉത്തരവ്.
8. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 09/11/2017 ലെ ഇ.എസ്3 -58837/2015/ ആ.വ.ഡ. നം. ഉത്തരവ്.
9. ഒ.എ) (ഇ.കെ.എം)നം.1937/ 17 നം ഹർജിയിൽ ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ തിരുവനന്തപുരത്തിൻറെ 09/03/2018 ലെ ഉത്തരവ്.
10. സ.ഉ (സാധാ)നം-2550/ 2018/ എച്ച്& എഫ് ഡബ്ല്യൂ.ഡി തീയതി-13/ 08/ 2018.
11. ഈ കാര്യാലയത്തിൻറെ 23.01.2019 ലെ എച്ച്5-31048/15/മെ.വി.കാ. നം. ഉത്തരവ്.

12. എറണാകുളം അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ സർക്കാർ പ്ലീഡർ ശ്രീ.ആർ.ശ്രീനാഥിൻറെ 16.02.19 ലെ കത്ത്.
13. ഈ കാര്യാലയത്തിലെ 21.02.2019 ലെ എച്ച്5-23611(1)/15/മെ.വി.കാ. നം. നോട്ടീസ്.
14. ഈ കാര്യാലയത്തിൻറെ 21.02.2019 എച്ച്5-23611(2)/15/മെ.വി.കാ. നം. നോട്ടീസ്.
15. ഈ കാര്യാലയത്തിൻറെ 14.03.2019ലെ എച്ച്5-23611(1)/15/മെ.വി.കാ. നം. ഉത്തരവ്.
16. ഈ കാര്യാലയത്തിൻറെ 14.03.2019ലെ എച്ച്5-23611(2)/15/മെ.വി.കാ. നം. ഉത്തരവ്.

**ഉത്തരവ് നം -എച്ച്5 -23611/2015/മെ.വി.കാ. തീയതി - 25/03/2019**

ആരോഗ്യ വകുപ്പിൻറെ കീഴിൽ ഫാർമസിസ്റ്റ് ഗ്രേഡ് - II ആയി സർക്കാർ സേവനത്തിൽ പ്രവേശിക്കുകയും തുടർന്ന് കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ദ്വിഭരണ സമ്പ്രദായം നിർത്തലാക്കിയതിന്റെ ഭാഗമായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേക്ക് മാറി വന്നിട്ടുള്ളതുമായ ശ്രീ.മുറാദ്.ഡി, ശ്രീ.ജോർജ്.എം.എസ്സ് എന്നി വ്യക്തികളുടെ ഫാർമസിസ്റ്റ് ഗ്രേഡ്- II തസ്തികയിലെ സീനിയോറിറ്റി, ടി ജീവനക്കാർ അന്തർ ജില്ലാ സ്ഥലംമാറ്റം നേടി പുതിയ ജില്ലയിൽ ജോലിയിൽ ചേർന്ന തീയതി മുതൽ പ്രാബല്യത്തിൽ, ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൻറെ പരാമർശം 4-ലെ ഉത്തരവിൻറെ അടിസ്ഥാനത്തിൽ, ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം 8-ലെ ഉത്തരവ് പ്രകാരം പുനർക്രമീകരിക്കുകയും, ടി പുനർക്രമീകരണം പരാമർശം 10-ലെ ഉത്തരവ് പ്രകാരം സർക്കാർ ശരിവച്ചിട്ടുള്ളതുമാണ്. ടി ഉത്തരവുകൾ പ്രകാരം ടി ജീവനക്കാരുടെ ഈ വകുപ്പിലെ ഫാർമസിസ്റ്റ് ഗ്രേഡ്-I, ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികകളുടെ സീനിയോറിറ്റി പരാമർശം 15 ലേയും 16 ലേയും ഈ ഓഫീസ് ഉത്തരവുകൾ പ്രകാരം ചുവടെച്ചേർക്കും പ്രകാരം പുനർനിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ശ്രീ.മുറാദ്.ഡി സർക്കാർ സേവനത്തിൽ ഫാർമസിസ്റ്റ് ഗ്രേഡ്-II ആയി തൃശൂർ ജില്ലയിൽ 15/03/1985 ന് ആരോഗ്യ വകുപ്പിൽ പ്രവേശിക്കുകയും തുടർന്ന് ഫാർമസിസ്റ്റ് ഗ്രേഡ്-II ആയി ആരോഗ്യ വകുപ്പിൽ തന്നെ 12/03/1986 ൽ ആലപ്പുഴ ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലമാറ്റം വാങ്ങുകയും ചെയ്തിരുന്നു. ടി സാഹചര്യത്തിൽ ടിയാന്റെ സീനിയോറിറ്റി സ്ഥാനം ആലപ്പുഴ ജില്ലയിൽ

ജോലിയിൽ പ്രവേശിച്ച 12/03/1986 മുതൽ മാത്രമേ പരിഗണിക്കാൻ സാധിക്കുകയുള്ളു, എന്നുള്ളതിനാൽ സർക്കാർ ചട്ടങ്ങൾക്ക് അനുസൃതമായി ടിയാന്റെ ഫാർമസിസ്റ്റ് ഗ്രേഡ്-II തസ്തികയിലെ സ്ഥാനം പരാമർശം 8 പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ പുനർക്രമീകരിച്ചതിന്റെ അടിസ്ഥാനത്തിൽ, ഈ വകുപ്പിലെ 30/06/2010 പ്രാബല്യത്തിലുള്ള പരാമർശം 7 പ്രകാരമുള്ള ഫാർമസിസ്റ്റ് ഗ്രേഡ്-I തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നം 26 ൽ ഉണ്ടായിരുന്ന ശ്രീ.മുറാദ്.ഡി യെ ടി സ്ഥാനത്തു നിന്ന് മാറ്റി ടി ലിസ്റ്റിലെ തന്നെ ക്രമ നം 32 എന്ന സ്ഥാനത്തേക്ക് പരാമർശം 13 പ്രകാരം താത്കാലികമായി പുനർക്രമീകരിക്കുകയും, ആയതിനാനുപാതികമായി പരാമർശം 6 പ്രകാരമുള്ള ഫാർമസിസ്റ്റ് സ്റ്റോർ കീപ്പറുടെ സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നം 3 ൽ ഉണ്ടായിരുന്ന ശ്രീ.മുറാദ്.ഡി യെ ടി സ്ഥാനത്തു നിന്ന് മാറ്റി ടി ലിസ്റ്റിലെ തന്നെ ക്രമ നം 5 എന്ന സ്ഥാനത്തേക്ക് പരാമർശം 14 പ്രകാരം താത്കാലികമായി പുനർക്രമീകരിക്കുകയും ചെയ്തു.

ശ്രീ.ജോർജ്.എം. എസ് സർക്കാർ സേവനത്തിൽ ഫാർമസിസ്റ്റ് ഗ്രേഡ്-II ആയി ആരോഗ്യ വകുപ്പിന്റെ കീഴിൽ പാലക്കാട് ജില്ലയിൽ 06/01/1986 ൽ ജോലിയിൽ പ്രവേശിക്കുകയും, തുടർന്ന് ടിയാൻ ടി തസ്തികയിൽ നിന്ന് കൊണ്ട് തന്നെ കോട്ടയം ജില്ലയിലേക്ക് 11/12/1991 ൽ അന്തർജില്ലാ സ്ഥലമാറ്റം വാങ്ങുകയും, തുടർന്ന് വീണ്ടും 01/09/1994 ൽ കോഴിക്കോട് ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലമാറ്റം വാങ്ങുകയും ചെയ്തിരുന്നു. ടിയാൻ കോഴിക്കോട് ജില്ലയിൽ അന്തർജില്ലാ സ്ഥലമാറ്റം മുഖാന്തിരം ജോലിയിൽ പ്രവേശിച്ച തീയതിയായ 01/09/1994 മുതൽ മാത്രമേ ടിയാന്റെ സീനിയോറിറ്റി കാലയളവ് കണക്കാക്കാൻ സാധിക്കുകയുള്ളു എന്നുള്ളതിനാൽ, സർക്കാർ ചട്ടങ്ങൾക്ക് അനുസൃതമായി ടിയാന്റെ ഫാർമസിസ്റ്റ് ഗ്രേഡ്-II തസ്തികയിലെ സ്ഥാനം പരാമർശം 8 ഉത്തരവ് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ പുനർക്രമീകരിച്ചതിന്റെ അടിസ്ഥാനത്തിൽ, ഈ വകുപ്പിലെ 30.06.2010 പ്രാബല്യത്തിലുള്ള പരാമർശം 7 പ്രകാരമുള്ള ഫാർമസിസ്റ്റ് ഗ്രേഡ്-I തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നം. 31 ആയിരുന്ന ശ്രീ.ജോർജ്.എം.എസ്സ് നെ ടി ലിസ്റ്റിലെ ടി സ്ഥാനത്തു നിന്ന് ഒഴിവാക്കി ഈ വകുപ്പിലെ തന്നെ 30.06.2015 പ്രാബല്യത്തിലുള്ള പരാമർശം 5 ഉത്തരവ് പ്രകരമുള്ള ഫാർമസിസ്റ്റ് ഗ്രേഡ്-I തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നം.

10 എന്ന സ്ഥാനത്തേക്ക് പരാമർശം 13 പ്രകാരം താത്കാലികമായി പുനർക്രമീകരിക്കുകയും, ആയതിനാനുപാതികമായി പരാമർശം 6 പ്രകാരമുള്ള ഫാർമസിസ്റ്റ് സ്റ്റോർ കീപ്പറുടെ സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നം. 5 ആയിരുന്ന ശ്രീ.ജോർജ്.എം.എസ് നെ ടി ലിസ്റ്റിലെ ടി സ്ഥാനത്തു നിന്ന് ഒഴിവാക്കി ഈ വകുപ്പിലെ തന്നെ 31.12.2018 പ്രാബല്യത്തിലുള്ള പരാമർശം 11 ലെ ഉത്തരവ് പ്രകാരം പ്രസിദ്ധികരിച്ചിട്ടുള്ള ഫാർമസിസ്റ്റ് സ്റ്റോർ കീപ്പറുടെ താത്കാലിക സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നം. 6 എന്ന സ്ഥാനത്തേക്ക് പരാമർശം 14 പ്രകാരം താത്കാലികമായി പുനർക്രമീകരിക്കുകയും ചെയ്തു.

മേൽ പരാമർശിച്ചതിൻ പ്രകാരം താത്കാലികമായി പുനർക്രമീകരിച്ച സീനിയോറിറ്റി പട്ടികകൾ പരാമർശം 13 ഉം 14 ഉം പ്രകാരം ഈ വകുപ്പിൻറെ വെബ്സൈറ്റിൽ ഉൾപ്പെടെ പ്രസിദ്ധികരിക്കുകയും, ഈ പട്ടികയിൽ ഉൾപ്പെട്ട ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അതാതു പ്രിൻസിപ്പാൾ മുഖേന നോട്ടീസ് നൽകുകയും ചെയ്തിരുന്നു. കേരള സർവ്വീസ് ചട്ടം 27 പ്രകാരമുള്ള പ്രസ്തുത തീരുമാനത്തിനെതിരെ എന്തെങ്കിലും ആക്ഷേപമുള്ളപക്ഷം, 07.03.2019 നകം ബന്ധപ്പെട്ട മേലധികാരി മുഖാന്തിരം ആക്ഷേപങ്ങൾ ഈ കാര്യാലയത്തിൽ ലഭ്യമാക്കണമെന്ന് അറിയിച്ചിരുന്നു. എന്നാൽ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ആക്ഷേപങ്ങൾ ഒന്നും ഈ കാര്യാലയത്തിൽ ലഭിക്കാത്തതിനാൽ മേൽ പരാമർശിച്ച പ്രകാരം പരിഷ്കരിച്ച ഫാർമസിസ്റ്റ് ഗ്രേഡ്-I തസ്തികയുടേയും ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികയുടേയും പുനർനിർണ്ണയിച്ച താൽക്കാലിക സീനിയോരിറ്റി ലിസ്റ്റിനെ സംബന്ധിച്ച് ബന്ധപ്പെട്ട ജീവനക്കാർക്ക് പരാതിയൊന്നും ഇല്ലായെന്നു ബോദ്ധ്യപെട്ടതിന്റെ അടിസ്ഥാനത്തിൽ, ടി താൽക്കാലിക സീനിയോറിറ്റി ലിസ്റ്റുകൾ, ഒ.എ) (ഇ.കെ.എം)1722/ 2018 നം. ഹർജിയിന്മേൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ എറണാകുളത്തിൻറെ അന്തിമ വിധിക്ക് വിധേയമായി യഥാക്രമം പരാമർശം 15 ഉം 16 ഉം ഉത്തരവുകൾ പ്രകാരം സ്ഥിരപ്പെടുത്തി അന്തിമ ഉത്തരവ് പുറപ്പെടുവിച്ചു.

നിലവിൽ ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ സ്റ്റോർ സൂപ്രണ്ടായ ശ്രീ.മുറാദ്.ഡി യ്ക്ക് പരാമർശം 1 ലെ ഉത്തരവ് പ്രകാരം, ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം

നൽകിയിരിക്കുന്നത് 01-03-2013 ൽ ഉണ്ടായ ഒഴിവിലും, തുടർന്ന് പരാമർശം 3 പ്രകാരം ടിയാന് സ്റ്റോർ സൂപ്രണ്ട് ആയി സ്ഥാനക്കയറ്റം നൽകിയിരിക്കുന്നത് 01-02-2015 ൽ ഉണ്ടായ ഒഴിവിലുമാണ്.

പരാമർശം 15, 16 ഉത്തരവുകൾ പ്രകാരം പുനർനിർണ്ണയിച്ച സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ, ശ്രീ.മുറാദ്.ഡി ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കാൻ അർഹനാകുന്നത് 02-12-2014 ൽ ഉണ്ടായ ഒഴിവിലേക്കാണ്. തുടർന്ന് ടി തസ്തികയിൽ ഒരു വർഷത്തെ നിരീക്ഷണ കാലസേവനം പൂർത്തീകരിച്ചതിനു ശേഷം 02-12-2015 ന് മാത്രമേ 01-02-2015 ന് ഉണ്ടായ സ്റ്റോർ സൂപ്രണ്ട് ഒഴിവിലേയ്ക്ക് ടിയാനെ പരിഗണിക്കാൻ സാധിക്കുകയുള്ളൂ. ആയതിൻ പ്രകാരം, ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ, സ്റ്റോർ സൂപ്രണ്ട് എന്നീ തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിന് ടിയാൻ അർഹനാകുന്ന തീയതി മുതൽ പ്രാബല്യത്തിൽ ചുവടെ 'പട്ടിക 1' ൽ പരാമർശിക്കുന്നതിൻ പ്രകാരം ടിയാന്റെ സ്ഥാനക്കയറ്റം പുനർനിർണയിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പട്ടിക 1**

| പേര് | പരാമർശം 15 പ്രകാരം പുനർനിർണ്ണയിച്ച സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിന് അർഹനാകുന്ന തീയതി. | പരാമർശം 16 പ്രകാരം പുനർനിർണ്ണയിച്ച സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ സ്റ്റോർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിന് അർഹനാകുന്ന തീയതി. |
|---|---|---|
| ശ്രീ.മുറാദ്.ഡി | 02-12-2014 | 02-12-2015 |

നിലവിൽ കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ സ്റ്റോർ സൂപ്രണ്ടായ ശ്രീ.ജോർജ്.എം.എസ് ന് പരാമർശം 2 ലെ ഉത്തരവ് പ്രകാരം, ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയിരിക്കുന്നത് 01-12-2013 ൽ ഉണ്ടായ ഒഴിവിലും, തുടർന്ന് പരാമർശം 3 പ്രകാരം ടിയാന് സ്റ്റോർ സൂപ്രണ്ട് ആയി സ്ഥാനക്കയറ്റം നൽകിയിരിക്കുന്നത് 01-05-2015 ൽ ഉണ്ടായ ഒഴിവിലുമാണ്.

പരാമർശം 15, 16 ഉത്തരവുകൾ പ്രകാരം പുനർനിർണ്ണയിച്ച സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ, ശ്രീ.ജോർജ്.എം.എസ് ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കാൻ അർഹനാകുന്നത് 21-05-2016 ൽ ഉണ്ടായ ഒഴിവിലേക്കാണ്. തുടർന്ന് സ്റ്റോർ സൂപ്രണ്ട് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം ലഭിക്കാൻ ടിയാൻ അർഹാനാകുന്നില്ല. ആയതിനാൽ, ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ, തസ്തികകയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിന് ടിയാൻ അർഹനാകുന്ന തീയതി മുതൽ പ്രാബല്യത്തിൽ ചുവടെ 'പട്ടിക 2' ൽ പരാമർശിക്കുന്നതിൻ പ്രകാരം ടിയാന്റെ സ്ഥാനക്കയറ്റം പുനർനിർണയിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**<u>പട്ടിക 2</u>**

| **പേര്** | **പരാമർശം 15 പ്രകാരം പുനർനിർണ്ണയിച്ച സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിന് അർഹനാകുന്ന തീയതി.** | **പരാമർശം 16 പ്രകാരം പുനർനിർണ്ണയിച്ച സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ സ്റ്റോർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിന് അർഹനാകുന്ന തീയതി.** |
|---|---|---|
| ശ്രീ.ജോർജ്.എം.എസ് | 21-05-2016 | അർഹാനാകുന്നില്ല. |

ടി സാഹചര്യത്തിൽ, ശ്രീ.ജോർജ്.എം.എസ് നെ ടിയാൻ നിലവിൽ ജോലിനോക്കുന്ന , സ്റ്റോർ സൂപ്രണ്ട് തസ്തികയിൽ നിന്നും ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികയിലേക്ക് തരംതാഴ്ത്തി (REVERTED) നിയമിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടിയാൻ നിലവിൽ സ്റ്റോർ സൂപ്രണ്ടായി ജോലിനോക്കുന്ന കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലോ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലെ മറ്റ് സർക്കാർ മെഡിക്കൽ കോളേജുകളിലോ ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികയുടെ ഒഴിവില്ലാത്തതിനാൽ, പരാമർശം 16 ലെ അനുബന്ധം IV പ്രകാരമുള്ള ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റിൽ ഏറ്റവും ജൂനിയർ മോസ്റ്റായ (ക്രമ നം. 17), കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ ജോലിനോക്കുന്ന ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ ശ്രീമതി. ലതിക. എം എസ് നെ ഫാർമസിസ്റ്റ് ഗ്രേഡ്-I തസ്തികയിലേയ്ക്ക് തരംതാഴ്ത്തി (REVERTED)

കൊല്ലം സർക്കാർ മെഡിക്കൽ കോളേജിലെ തന്നെ ഫാർമസിസ്റ്റ് ഗ്രേഡ്-I ഒഴിവിൽ നിയമിച്ചും, ശ്രീമതി. ലതിക. എം എസ് നെ തരംതാഴ്ത്തി (REVERTED) നിയമിച്ചതിലൂടെ കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ ഉണ്ടായ ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികയുടെ ഒഴിവിലേയ്ക്ക് ശ്രീ.ജോർജ്.എം.എസ് നെ നിയമിച്ചും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ശ്രീ.ജോർജ്.എം.എസ് നെ ടിയാൻ ഇപ്പോൾ വഹിക്കുന്ന സ്റ്റോർ സൂപ്രണ്ട് തസ്തികയിൽ നിന്നും ഉടനടി വിടുതൽ ചെയ്യേണ്ടതും, കൊല്ലം സർക്കാർ മെഡിക്കൽ കോളേജിലെ ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിനായി പ്രിൻസിപ്പാൾ മുൻപാകെ എത്രയും വേഗം ഹാജരാകാനും നിർദ്ദേശിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതും, ടി ഉത്തരവ് പ്രത്യേക ദൂതൻ മുഖേന സമയബന്ധിതമായി രേഖാമൂലം ടിയാന് നൽകേണ്ടതുമാണ്.

അതാത് സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾമാർ ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അതാത് ജീവനക്കാരുടെ വേതനം പുനർനിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

ഈ ഉത്തരവ് ഒ.എ (ഇ.കെ.എം)1722/2018 നം. ഹർജിയിന്മേൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ എറണാകുളത്തിൻറെ അന്തിമ ഉത്തരവിന് വിധേയമായിരിക്കും.

ഒപ്പ്
**ഡോ. ശ്രീകുമാരി . കെ**
**ഡയറക്ടർ ഇൻ ചാർജ്**

സ്വീകർത്താവ്,

1. ശ്രീ.മുറാദ്.ഡി, സ്റ്റോർ സൂപ്രണ്ട്,
   സർക്കാർ റ്റി.ഡി മെഡിക്കൽ കോളേജ്, ആലപ്പുഴ.
   (പ്രിൻസിപ്പാൾ മുഖാന്തിരം).
2. ശ്രീ.ജോർജ്.എം.എസ്, സ്റ്റോർ സൂപ്രണ്ട്,
   സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട്.
   (പ്രിൻസിപ്പാൾ മുഖാന്തിരം).
3. ശ്രീമതി. ലതിക.എം.എസ്, ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ,
   സർക്കാർ മെഡിക്കൽ കോളേജ്, കൊല്ലം.
   (പ്രിൻസിപ്പാൾ മുഖാന്തിരം).

പകർപ്പ്,

1. അക്കൗണ്ടൻറ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം, (ആമുഖ കത്ത് സഹിതം).
2. അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖ കത്ത് സഹിതം).
3. പ്രിൻസിപ്പാൾ സെക്രട്ടറി, ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ്, കേരളം തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
4. ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം.
5. പ്രിൻസിപ്പാൾ, സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ / കോഴിക്കോട്/കൊല്ലം.
(ബന്ധപ്പെട്ട ജീവനക്കാരെ സമയബന്ധിതമായി വിടുതൽ ചെയ്തും - ജോലിയിൽ പ്രവേശിപ്പിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി).
6. എല്ലാ സർക്കാർ മെഡിക്കൽ / ദന്തൽ / നഴ്സിംഗ് കോളേജ് പ്രിൻസിപ്പാൾമാർക്കും (അറിവിലേയ്ക്കും തുടർ നടപടികൾക്കുമായി).
7. ജൂനിയർ സൂപ്രണ്ട്, ഡി പി സി സെക്ഷൻ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് കാര്യാലയം, തിരുവനന്തപുരം.
8. വെബ്സൈറ്റ്/നോട്ടീസ് ബോർഡ്.
9. ഫയൽ / റിക്കോർഡ്സ് / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട്